**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1145** **18-09-2025 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി മണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി നിയോജക മണ്ഡലത്തിലെ എട്ട് ഗ്രാമപഞ്ചായത്തുകളിലായി നടപ്പിലാക്കുന്ന ജൽ ജീവൻ മിഷൻ പദ്ധതിയുടെ നിലവിലെ അവസ്ഥ ; പദ്ധതിയുടെ അടങ്കൽ തുക; പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന സമയം; ഗുണഭോക്താക്കളുടെ എണ്ണം എന്നിവ പഞ്ചായത്ത് തിരിച്ച് വിശദമാക്കുമോ; | (എ) | കുറ്റ്യാടി നിയോജക മണ്ഡലത്തിലെ എട്ട് ഗ്രാമപഞ്ചായത്തുകളിലായി നടപ്പിലാക്കുന്ന ജൽ ജീവൻ മിഷൻ പദ്ധതിയുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ **അനുബന്ധം 1** ആയി ചേർക്കുന്നു. |
| (ബി) | ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി തകരാറിലായ കുറ്റ്യാടി നിയോജക മണ്ഡലത്തിലെ വിവിധ റോഡുകൾ പൂർവ്വസ്ഥിതിയിലേക്ക് മാറ്റുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; ഇതുവരെയായി എത്ര റോഡുകൾ പൂർവ്വസ്ഥിതിയിലേക്ക് മാറ്റിയിട്ടുണ്ട് എന്നും ഇനി എത്ര റോഡുകൾ പൂർവ്വസ്ഥിതിയിലേക്ക് മാറ്റാൻ ബാക്കിയുണ്ട് എന്നും പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ; | (ബി) | ജൽ ജീവൻ മിഷൻ പദ്ധതി നിർവ്വഹണം പൂർത്തിയായ ഗ്രാമ പഞ്ചായത്തുകളിൽ പൊളിച്ച റോഡുകൾ അടിയന്തര പ്രാധാന്യത്തോടെ പൂർവ്വസ്ഥിതിയിൽ ആക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ജൽ ജീവൻ മിഷൻ പ്രവൃത്തികൾക്കായി കുഴികൾ എടുക്കുമ്പോൾ പൈപ്പ്ലൈൻ സ്ഥാപിച്ച ഉടൻ തന്നെ റോഡുകളുടെ താൽക്കാലിക പുനരുദ്ധാരണവും പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രവൃത്തികളിൽ ഉൾപ്പെട്ടിട്ടുള്ള പുനരുദ്ധാരണവും നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. പ്രവൃത്തികളിൽ റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികൾക്ക് മുഖ്യ പ്രാധാന്യം നൽകി, ഓരോ പ്രവൃത്തിയുടെയും കരാർ പ്രകാരം സമയബന്ധിതമായി റോഡ് പ്രവൃത്തികൾ പൂർത്തിയാക്കാൻ കരാറുകാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>പൂർവ്വസ്ഥിതിയിലേക്ക് മാറ്റിയ റോഡുകളുടെയും മാറ്റാൻ ബാക്കിയുള്ള റോഡുകളുടെയും പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ **അനുബന്ധം 2** ആയി ചേർക്കുന്നു. |
| (സി) | ഇത്തരത്തിൽ തകരാറിലായ റോഡുകൾ പൂർവ്വസ്ഥിതിയിലേക്ക് മാറ്റുന്നതിന് സമയക്രമം നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | പ്രവൃത്തികളിൽ റോഡ് റീസ്റ്റോറേഷൻ പ്രവൃത്തികൾക്ക് മുഖ്യ പ്രാധാന്യം നൽകി ഓരോ പ്രവൃത്തിയുടെയും കരാർ പ്രകാരം സമയബന്ധിതമായി റോഡ് പ്രവൃത്തികൾ |

| | | | |
|---|---|---|---|
| | | | പൂർത്തിയാക്കാൻ കരാറുകാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

| പഞ്ചായത്ത് | ആകെ ഗ്രാമീണ വീടുകൾ | JJM നു മുൻപ് ഉണ്ടായിരുന്ന കണക്ഷൻ | ഭരണാനുമതി നൽകിയ കണക്ഷൻ | ഭരണാനുമതി തുക (ലക്ഷം) | JJM തുടങ്ങിയ ശേഷം നൽകിയ കണക്ഷൻ | നിലവിൽ മൊത്തം കണക്ഷൻ | ഇനി നൽകാനുള്ള കണക്ഷൻ | പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന സമയം | പദ്ധതിയുടെ നിലവിലെ അവസ്ഥ |
|---|---|---|---|---|---|---|---|---|---|
| ആയഞ്ചേരി | 7063 | 1598 | 5465 | 8021.44 | 49 | 1647 | 5416 | 2028 മാർച്ച് | വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നു വരുന്നു. ശുദ്ധീകരണശാല, പ്രധാന പൈപ്പ് ലൈൻ എന്നീ പ്രവൃത്തികൾ ടെണ്ടർ ചെയ്തു. 31% പൂർത്തീകരിച്ചു. |
| കുന്നുമ്മൽ | 4515 | 1114 | 3401 | 1128.60 | 4016 | 5130 | 0 | പൂർത്തീകരിച്ചു | പ്രവൃത്തി പൂർത്തീകരിച്ചു. |
| കുറ്റ്യാടി | 4441 | 850 | 3591 | 1671.11 | 2220 | 3070 | 1371 | 2028 മാർച്ച് | കണക്ഷൻ നല്കുന്ന പ്രവൃത്തികൾ നടന്നു വരുന്നു . 76% പൂർത്തീകരിച്ചു. |
| മണിയൂർ | 10470 | 3305 | 7165 | 10817.71 | 0 | 3305 | 7165 | 2028 മാർച്ച് | വിതരണശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നു വരുന്നു. |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | ശുദ്ധീകരണശാല, പ്രധാന പൈപ്പ് ലൈൻ എന്നീ പ്രവൃത്തികൾ ടെണ്ടർ ചെയ്തു. 32% പൂർത്തീകരിച്ചു. ടാങ്കിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട് |
| പുറമേരി | 7358 | 2121 | 5237 | 5264.97 | 92 | 2213 | 5145 | 2028 മാർച്ച് | വിതരണശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നു വരുന്നു. ശുദ്ധീകരണശാല, പ്രധാന പൈപ്പ് ലൈൻ എന്നിവയുടെ പ്രവൃത്തികൾ നടന്നു വരുന്നു. 48% പ്രവൃത്തി പൂർത്തീകരിച്ചു. |
| തിരുവള്ളൂർ | 8739 | 39 | 8700 | 10153.05 | 0 | 39 | 8700 | 2028 മാർച്ച് | വിതരണശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നു വരുന്നു. ശുദ്ധീകരണശാല, പ്രധാന പൈപ്പ് ലൈൻ എന്നീ പ്രവൃത്തികൾ ടെണ്ടർ ചെയ്തു. 33% പൂർത്തീകരിച്ചു. |
| വേളം | 7083 | 290 | 6793 | 6703.10 | 284 | 574 | 6509 | 2028 മാർച്ച് | വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നു വരുന്നു. |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | ശുദ്ധീകരണശാല, പ്രധാന പൈപ്പ് ലൈൻ എന്നിവയുടെ പ്രവൃത്തികൾ നടന്നു വരുന്നു. 62% പ്രവൃത്തി പൂർത്തീകരിച്ചു. |
| വില്യാപ്പള്ളി | 9082 | 1281 | 8469 | 8437.08 | 232 | 1513 | 7569 | 2028 മാർച്ച് | വിതരണശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നു വരുന്നു. ശുദ്ധീകരണശാല, പ്രധാന പൈപ്പ് ലൈൻ എന്നിവയുടെ പ്രവൃത്തികൾ നടന്നു വരുന്നു. 42% പ്രവൃത്തി പൂർത്തീകരിച്ചു. ടാങ്കിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട് |
| ആകെ | 58751 | 10598 | 48821 | 52197.06 | 6893 | 17491 | 41260 | | |

**അനുബന്ധം 2**

| ക്രമ നമ്പർ | പഞ്ചായത്ത് | ഇതുവരെയായി എത്ര റോഡുകൾ പൂർവ്വസ്ഥിതിയിലേക്ക് മാറ്റിയിട്ടുണ്ട്. | ഇനി എത്ര റോഡുകൾ പൂർവ്വസ്ഥിതിയിലേക്ക് മാറ്റാൻ ബാക്കിയുണ്ട്. |
|---|---|---|---|
| **1** | പുറമേരി | 9 | 68 |
| **2** | കുന്നുമ്മൽ | എല്ലാ റോഡുകളും | 0 |
| **3** | കുറ്റ്യാടി | 10 | 57 |
| **4** | വേളം | 0 | 105 |
| **5** | ആയഞ്ചേരി | 0 | 123 |
| **6** | തിരുവള്ളൂർ | 0 | 148 |
| **7** | മണിയൂർ | 29 | 35 |
| **8** | വില്യാപ്പള്ളി | 50 | 76 |